# മധുരമായ കുട്ടികളേ - ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്, അതിനാൽ വികാരങ്ങളെ സന്യസിക്കൂ, ഈ അന്തിമ ജന്മത്തിൽ രാവണന്റെ പിടിയിൽ നിന്നും സ്വയത്തെ മുക്തമാക്കൂ.

**ചോദ്യം:**- ബാബയുടെ ആശ്രയം എങ്ങനെയുള്ള കുട്ടികൾക്കാണ് ലഭിക്കുന്നത്? ബാബ എങ്ങനെയുള്ള കുട്ടികളിൽ സദാ സന്തുഷ്ടനായിരിക്കും?
**ഉത്തരം:**-സത്യമായ ഹൃദയമുള്ളവർക്കാണ് ബാബയുടെ ആശ്രയം ലഭിക്കുന്നത്. പറയാറുണ്ട്- സത്യമായ ഹൃദയമുള്ളവരിൽ പ്രഭു സംപ്രീതനായിരിക്കും. ബാബയുടെ ഓരോ നിർദ്ദേശത്തെ ജീവിതത്തിൽ കൊണ്ടു വരുന്നവരിൽ ബാബയും സംപ്രീതനായിരിക്കും. ബാബയുടെ നിർദ്ദേശമാണ് ഓർമ്മയിലിരുന്ന് പവിത്രമായി പിന്നീട് സേവനം ചെയ്യൂ, മറ്റുള്ളവർക്ക് വഴി പറഞ്ഞു കൊടുക്കൂ. ശൂദ്രരുടെ കൂട്ട്കെട്ടിൽ നിന്നും സ്വയത്തെ സംരക്ഷിക്കൂ. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരിക്കലും മോശമായ കർമ്മം ചെയ്യരുത്. ഈ കാര്യങ്ങളെല്ലാം ധാരണ ചെയ്യുന്നവരിൽ ബാബയും സന്തുഷ്ടനായിരിക്കും.

**ഗീതം:**- എനിക്ക് ആശ്രയം നല്കുന്നവനേ.......

**ഓം ശാന്തി**. കുട്ടികൾ ഇവിടെ ജ്ഞാനം കേട്ടുകൊണ്ടിരിക്കുന്നു. എന്തിന്റെ ജ്ഞാനം? ശാസ്ത്രങ്ങളുടേതാണൊ? അല്ല. കുട്ടികൾക്കറിയാം ശാസ്ത്രങ്ങളുടെ ജ്ഞാനം സർവ്വ മനുഷ്യർക്കും ഉണ്ട്. നമുക്ക് ഇവിടെ പരമപിതാ പരമാത്മാവാണ് ജ്ഞാനം നല്കുന്നത്. ശാസ്ത്രം പഠിക്കുന്ന അഥവാ അദ്ധ്യയനം ചെയ്യുന്ന സന്യാസിമാർ ഒരിക്കലും ഇങ്ങനെ പറയില്ല. അവർ ജ്ഞാനം കേൾപ്പിക്കുന്നില്ല. ഏതൊരു സത്സംഗത്തിൽ പോയാലും അവിടെ മനുഷ്യരായിരിക്കും. അവരെ ശാസ്ത്രിജി, പണ്ഢിത്ജി, മഹാത്മാജി എന്നു വിളിക്കും. പേരിനെ ബന്ധപ്പെടുത്തിയിരിക്കുന്നത് മനുഷ്യനുമായിട്ടാണ്. ഇവിടെ കുട്ടികൾക്കറിയാം നമുക്ക് ഒരു മനുഷ്യനുമല്ല ജ്ഞാനം നല്കുന്നത്, എന്നാൽ മനുഷ്യനിലൂടെ പരമപിതാ പരമാത്മാവാണ് ജ്ഞാനം നല്കുന്നത്. ഈ കാര്യങ്ങൾ മറ്റൊരു സത്സംഗത്തിലും കേൾപ്പിക്കുന്നില്ല. പ്രഭാഷണങ്ങൾ ചെയ്യുന്നവരുടെ ബുദ്ധിയിൽ പോലും ഈ കാര്യങ്ങൾ ഉണ്ടാകില്ല. നമുക്ക് ജ്ഞാനം നല്കികൊണ്ടിരിക്കുന്നത് മനുഷ്യനോ ദേവതയോ അല്ല. ഈ സമയത്ത് ദേവീ ദേവതാ ധർമ്മമേയില്ല എന്നാലും സൂക്ഷ്മ വതനവാസിയായ ബ്രഹ്മാ വിഷ്ണു ശങ്കരന്റെ മഹിമ പാടുന്നുണ്ട്. ലക്ഷ്മീ നാരായണൻ ദേവീക ഗുണങ്ങളുള്ള മനുഷ്യരാണ്. ഈ സമയത്ത് സർവ്വരും ആസുരീയ ഗുണങ്ങളുള്ള മനുഷ്യരാണ്. ഞാൻ ആത്മാവാണ്, ഇന്നവരിലൂടെ പരമാത്മാവ് എനിക്ക് ജ്ഞാനം നല്കി കൊണ്ടിരിക്കുന്നുവെന്ന് ഒരു മനുഷ്യനും മനസ്സിലാക്കുന്നില്ല. അവർ മനസ്സിലാക്കുന്നത് ഇന്ന മഹാത്മാവാണ് കഥ കേൾപ്പിച്ചു കൊണ്ടിരിക്കുന്നത് എന്ന്. വേദശാസ്ത്രങ്ങൾ, ഗീത കേൾപ്പിച്ചു കൊണ്ടിരിക്കുന്നുവെന്ന്. ബാബ പറയുന്നു- ഞാൻ നിങ്ങളെ ശാസ്ത്രങ്ങളുടെ ജ്ഞാനം കേൾപ്പിക്കുന്നില്ല. നിങ്ങൾ സ്വയത്തെ ആത്മാവാണെന്ന് നിശ്ചയം ചെയ്യുന്നു, എന്നിട്ട് പറയുന്നു- പതിത പാവനാ വരൂ എന്ന്. സർവ്വരുടെയും ദുഃഖത്തെ ഹരിച്ച് സുഖം നല്കുന്നവൻ, അതാണ് സർവ്വരുടെയും സത്ഗതിദാതാവ്, സർവ്വരുടെയും മുക്തി ജീവൻമുക്തി ദാതാവ്. അത് ഒരു മനുഷ്യനുമാകാൻ സാധിക്കില്ല. മനുഷ്യർ അതിരാവിലെ എഴുന്നേറ്റ് എത്ര ഭക്തി ചെയ്യുന്നു. ചിലർ ഭജന പാടുന്നു, കഥ കേൾക്കുന്നു- ഇതിനെയാണ് പറയുന്നത് ഭക്തി മാർഗ്ഗം. ഭക്തിമാർഗ്ഗമെന്താണെന്ന് ഭക്തിമാർഗ്ഗത്തിലുള്ളവർക്ക് അറിയില്ല. ഇവിടെ സർവ്വയിടത്തും ഭക്തി തന്നെ ഭക്തിയാണ്. ജ്ഞാനമാണ് പകൽ, ഭക്തിയാണ് രാത്രി. ജ്ഞാനമുള്ളപ്പോൾ ഭക്തിയില്ല. ദ്വാപര കലിയുഗം ഭക്തിയാണ്, സത്യ-ത്രേതായുഗമാണ് ജ്ഞാനത്തിന്റെ ഫലം. ജ്ഞാനത്തിന്റെ സാഗരൻ തന്നെയാണ് ഫലം നല്കുന്നത്. ഭഗവാൻ എന്ത് ഫലമാണ് നല്കുന്നത്? ഫലം അർത്ഥം സമ്പത്ത്. ഭഗവാൻ മുക്തിയുടെ ഫലമാണ് നല്കുന്നത്. കൂടെ മുക്തിധാമിലേക്കും കൊണ്ടു പോകും. ഈ സമയത്ത് മനുഷ്യരുടെ എണ്ണം കൂടി വസിക്കാൻ പോലും സ്ഥലമില്ല, ഭക്ഷണമില്ല. അതിനാൽ ഭഗവാന് വരേണ്ടിയിരിക്കുന്നു. രാവണൻ സർവ്വരേയും പതിതമാക്കുന്നു, പിന്നെ പതിത പാവനൻ വന്ന് പാവനമാക്കുന്നു. പാവനമാക്കുന്നവനും പതിതമാക്കുന്നവനും രണ്ടും വ്യത്യസ്ഥമാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി പാവന ലോകത്തെ പതിതമാക്കുന്നത് ആരാണ് പതിത ലോകത്തെ പാവനമാക്കുന്നത് ആരാണ്! പറയാറുണ്ട്- പതിത പാവനാ വരൂ-- ഒരാളെ തന്നെയാണ് വിളിക്കുന്നത്. സർവ്വരെയും പാലിക്കുന്നവൻ ഒന്നാണ്. സത്യയുഗത്തിൽ ഒരു വികാരിയും ഉണ്ടാകില്ല. വികാരത്തിൽ പോകുന്നവരെയാണ് പതിതർ എന്നു പറയുന്നത്. സന്യാസിമാർ വികാരത്തിൽ പോകുന്നില്ല അതിനാൽ അവരെ പതിതർ എന്നു പറയില്ല. പറയാറുണ്ട്- പവിത്ര ആത്മാവ്, 5 വികാരങ്ങളെ സന്യസിച്ചു, നമ്പർവൺ വികാരമാണ് കാമം. ക്രോധം സന്യാസിമാരിലും വളരെയധികം ഉണ്ട്. സ്ത്രീയെ ഉപേക്ഷിക്കുന്നു, മനസ്സി

ലാക്കുന്നത് അവരുടെ കൂട്ട്കെട്ടിലിരുന്ന് നിർവ്വികാരിയായിരിക്കാൻ സാധിക്കില്ല എന്നാണ്. വിവാഹത്തിന്റെ അർത്ഥം തന്നെയിതാണ്. സത്യയുഗത്തിൽ ഈ നിയമമില്ല. ബാബ മനസ്സിലാക്കി തരുന്നു- കുട്ടികളേ അവിടെ പതിതരായി ആരും ഉണ്ടായിരിക്കില്ല. ദേവതമാരുടെ മഹിമയാണ് സർവ്വഗുണ സമ്പന്നൻ, സമ്പൂർണ്ണ നിർവ്വികാരി. ദ്വാപരയുഗം മുതലാണ് രാവണ രാജ്യം ആരംഭിക്കുന്നത്. ബാബ സ്വയം പറയുന്നു കാമത്തെ ജയിക്കൂ. നിങ്ങൾ എന്നെ ഓർമ്മിക്കൂ, പവിത്രമായ ലോകത്തെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ പതിതമാകില്ല. ഞാൻ പാവനമായ ലോകം സ്ഥാപിക്കാനാണ് വന്നിരിക്കുന്നത്, രണ്ടാമത്തെ കാര്യം ഒരേയൊരു ബാബയുടെ കുട്ടികളായ ബ്രാഹ്മണരും ബ്രാഹ്മണിമാരും പരസ്പരം സഹോദരി സഹോദരൻമാരാണ്. വികാരങ്ങളിൽ നിന്നും മുക്തമാകാതിടത്തോളം കാലം ഈ കാര്യം ആരുടെയും ബുദ്ധിയിലിരിക്കില്ല. ബ്രഹ്മാവിന്റെ സന്താനമാകാതെ പാവനമാകാൻ സാധിക്കില്ല. സഹായവും ലഭിക്കില്ല. ശരി, ബ്രഹ്മാവിന്റെ കാര്യം ഉപേക്ഷിക്കൂ. നിങ്ങൾ പറയുന്നു- നമ്മൾ ഭഗവാന്റെ കുട്ടികളാണെന്ന്, സാകാരത്തിലെ കണക്കനുസരിച്ച് സഹോദരി സഹോദരൻമാരായി. പിന്നെ വികാരത്തിൽ പോകാൻ സാധിക്കില്ല. ഈശ്വരന്റെ സന്താനമാണെന്ന് സർവ്വരും പറയുന്നു, ബാബ പറയുന്നു- കുട്ടികളേ ഞാൻ വന്നിരിക്കുകയാണ്, ഇപ്പോൾ ആരാണൊ എന്റേതാകുന്നത് അവർ പരസ്പരം സഹോദരി സഹോദരൻമാരായി. ബ്രഹ്മാവിലൂടെ സഹോദരി സഹോദരന്മാരെ രചിക്കുന്നു, പിന്നീട് വികാരത്തിൽ പോകാൻ സാധിക്കില്ല. ബാബ പറയുന്നു- ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്. ഒരു ജന്മത്തേയ്ക്ക് വേണ്ടി ഈ വികാരത്തെ ത്യാഗം ചെയ്യൂ. സന്യാസിമാർ കാട്ടിലേക്ക് പോകുന്നതിന് വേണ്ടി ഉപേക്ഷിക്കുന്നു. നിങ്ങൾ പവിത്രമായ ലോകത്തേയ്ക്ക് പോകുന്നതിനാണ് ഉപേക്ഷിക്കുന്നത്. സന്യാസിമാർക്ക് യാതൊരു പ്രലോഭനവുമില്ല. ഗൃഹസ്ഥികൾ ഇവരെ വളരെ ബഹുമാനിക്കുന്നു. എന്നാൽ അവർ ക്ഷേത്രങ്ങളിൽ പൂജയ്ക്ക് യോഗ്യരായി തീരുന്നില്ല. ക്ഷേത്രങ്ങളിൽ പൂജയ്ക്ക് യോഗ്യതയുള്ളത് ദേവതമാർക്കാണ് കാരണം അവരുടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. ഇവിടെ നമുക്ക് പവിത്രമായ ശരീരം ലഭിക്കില്ല. ഇത് തമോപ്രധാനമായ പതിത ശരീരമാണ്. 5 തത്വങ്ങളും പതിതമാണ്. അവിടെ ആത്മാവും പവിത്രമായിരിക്കും, 5 തത്വങ്ങളും സതോപ്രധാനവും പവിത്രവുമായിരിക്കും. ഇപ്പോൾ ആത്മാവും തമോപ്രധാനം, തത്വങ്ങളും തമോപ്രധാനം, അതിനാൽ വെള്ളപ്പൊക്കം, കൊടുങ്കാറ്റ് എന്നിവ ഉണ്ടായി കൊണ്ടിരിക്കുന്നു. മറ്റുള്ളവർക്ക് ദുഃഖം കൊടുക്കുക- ഇത് തമോഗുണമാണ്. സത്യയുഗത്തിൽ തത്വങ്ങളും ആർക്കും ദുഃഖം നല്കില്ല. ഈ സമയത്ത് മനുഷ്യരുടെ ബുദ്ധിയും തമോപ്രധാനമാണ്. സതോ, രജോ, തമോയിലൂടെ തീർച്ചയായും കടന്നു പോകണം. ഇല്ലായെങ്കിൽ ലോകം എങ്ങനെ പഴയതായി തീരും, പഴയതായില്ലായെങ്കിൽ പുതിയത് സ്ഥാപിക്കുന്നവന് വരാൻ സാധിക്കില്ല. ഇപ്പോൾ ബാബ പറയുന്നു- കുട്ടികളേ പാവനമാകൂ. ഈ അന്തിമ ജന്മം രാവണന്റെ പിടിയിൽ നിന്നും സ്വയത്തെ മുക്തമാക്കൂ. ആസുരീയ നിർദ്ദേശമനുസരിച്ച് അര കല്പം നിങ്ങൾ പതിതരായിരുന്നു, ഇത് വളരെ മോശമായ ശീലമാണ്. ഏറ്റവും വലിയ ശത്രുവാണ് കാമം. ചെറുപ്പത്തിലേ വികാരത്തിൽ പോകുന്നു കാരണം അങ്ങനെയുള്ള കൂട്ട്കെട്ടാണ് ലഭിക്കുന്നത്. സമയം അങ്ങനെയാണ്, തീർച്ചയായും പതിതമാകണം. സന്യാസ ധർത്തിനും പാർട്ടുണ്ട്. സൃഷ്ടിയെ നാശത്തിൽ നിന്നും കുറച്ച് മോചിപ്പിക്കുന്നു. ഇപ്പോൾ ഡ്രാമയെയും കുട്ടികളാകുന്ന നിങ്ങൾ മനസ്സിലാക്കി. ക്രിസ്ത്യൻ ധർമ്മം വന്ന് ഇത്രയും വർഷമായെന്ന് പറയുന്നു, എന്നാൽ ക്രിസ്ത്യൻ ധർമ്മം എന്ന് സമാപ്തമാകും എന്ന് അറിയുന്നില്ല. പറയുന്നു- കലിയുഗം ഇനിയും 40000 വർഷം ഉണ്ട് എന്ന്, അപ്പോൾ ക്രിസ്ത്യൻ ധർമ്മം ഉൾപ്പെടെയുള്ള ധർമ്മങ്ങൾ 40000 വർഷം വരെ വൃദ്ധി നേടികൊണ്ടിരിക്കും! ശാസ്ത്രങ്ങളിൽ കുറേ തെറ്റായ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, അതിനാൽ വിരളം പേരേ ഈ കാര്യങ്ങൾ മനസ്സിലാക്കി ഓരോ ചുവടും ശ്രീമതമനുസരിച്ച് നടക്കുന്നുള്ളൂ. ശ്രീമതമനുസരിച്ച് ജീവിക്കാൻ എത്ര പ്രയാസമാണ്. ലക്ഷ്മീ നാരായണൻ ആരെയാണൊ മുഴുവൻ ലോകവും പൂജിക്കുന്നത്- നിങ്ങൾ ഇപ്പോൾ അവരെ പോലെയായികൊണ്ടിരിക്കുന്നു. ഇതും നിങ്ങളെ മനസ്സിലാക്കുന്നുള്ളൂ, അതും നമ്പറനുസരിച്ച്. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, വീടിനെ ഓർമ്മിക്കൂ. വീടിന്റെ ഓർമ്മ പെട്ടെന്ന് വരുന്നില്ലേ. മനുഷ്യർ 8-10 വർഷങ്ങളുടെ യാത്ര കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചെത്തുമ്പോൾ, തന്റെ ജന്മസ്ഥലത്ത് എത്താറാകുമ്പോൾ എത്ര സന്തോഷിക്കുന്നു. ഇപ്പോൾ ആ യാത്ര കുറച്ച് സമയത്തേയ്ക്കുള്ളതാണ്, അതിനാൽ വീടിനെ മറക്കുന്നില്ല. ഇവിടെ 5000 വർഷങ്ങളായി അതിനാൽ വീടിനെ തീർത്തും മറന്നു പോയി.

ഇപ്പോൾ ബാബ പറഞ്ഞു തന്നു- കുട്ടികളേ ഇത് പഴയ ലോകമാണ്, ഇതിന് തീ പിടിക്കണം. ആരും രക്ഷപ്പെടില്ല, സർവ്വർക്കും മരിക്കണം അതിനാൽ ഈ ജീർണ്ണിച്ച ലോകത്തിനോടും ശരീരത്തിനോടും സ്നേഹം വെയ്ക്കാതിരിക്കൂ. ശരീരം മാറി മാറി 5000 വർഷങ്ങളായി. 84 പ്രാവശ്യം ശരീരം മാറി മാറി വരുന്നു. ഇപ്പോൾ ബാബ പറയുന്നു നിങ്ങളുടെ 84 ജന്മങ്ങൾ പൂർത്തിയായി, അപ്പോഴാണ് ഞാൻ വന്നിരിക്കുന്നത്. നിങ്ങളുടെ പാർട്ട് പൂർത്തിയായിയെങ്കിൽ സർവ്വരുടെയും പാർട്ട് പൂർത്തിയായി. ഈ ജ്ഞാനത്തെ ധാരണ ചെയ്യണം. മുഴുവൻ ജ്ഞാനവും ബുദ്ധിയിലുണ്ട്. ബാബയിലൂടെ നോളേജ്ഫുൾ ആകുന്നതിലൂടെ മുഴു

വൻ വിശ്വത്തിന്റെ അധികാരിയായി തീരുന്നു, വിശ്വം തന്നെ പുതിയതായി തീരുന്നു. ഭക്തി മാർഗ്ഗത്തിലെ സർവ്വ വസ്തുക്കളും സമാപ്തമാകണം. പിന്നെ ഹേ പ്രഭു എന്ന് പറയുന്നവർ ആരും ഉണ്ടായിരിക്കില്ല. ഹേ പ്രഭു, ഹേ രാമാ ഈ അക്ഷരങ്ങൾ ദുഃഖത്തിന്റെ സമയത്താണ് പറയുന്നത്. സത്യയുഗത്തിൽ ഇങ്ങനെ പറയില്ല കാരണം അവിടെ ദുഃഖത്തിന്റെ കാര്യമേയില്ല. അതിനാൽ ഇങ്ങനെയുള്ള ബാബ ആരെയാണൊ നമ്മൾ ഓർക്കുന്നത്, ആ ബാബയുടെ ശ്രീമത്തനുസരിച്ച് നടക്കണ്ടേ. ഈശ്വരീയ നിർദ്ദേശങ്ങളിലൂടെ സദാ സുഖിയായി തീരും. ഇതെല്ലാം മനസ്സിലാക്കിയിട്ടും ശ്രീമത്തനുസരിച്ച് നടക്കുന്നില്ലായെങ്കിൽ അവരെ മഹാവിഡ്ഢിയെന്നു പറയുന്നു. ഈശ്വരീയ നിർദ്ദേശവും ആസുരീയ നിർദ്ദേശവും തമ്മിൽ രാപകൽ വ്യത്യാസമുണ്ട്. ഇപ്പോൾ തിരുമാനിക്കൂ– ഏത് ഭാഗത്തേക്ക് പോകണം. മായയുടെ നേർക്ക് ദുഃഖം തന്നെ ദുഃഖമാണ്. ഈശ്വരന്റെ നേർക്കാണെങ്കിൽ 21 ജന്മങ്ങളുടെ സുഖം. ഇപ്പോൾ ആരുടെ നിർദ്ദേശമനുസരിച്ച് നടക്കണം.

ബാബ പറയുന്നു ശ്രീമതമനുസരിച്ച് നടക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ നടക്കൂ. ആദ്യത്തെ കാര്യമാണ് കാമത്തിന്റെ മേൽ വിജയം നേടൂ. അതിനേക്കാൾ മുൻപുള്ള കാര്യമാണ് എന്നെ ഓർമ്മിക്കൂ. ഈ പഴയ ശരീരത്തെ ഉപേക്ഷിക്കുക തന്നെ വേണം. ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. ഈ സമയത്ത് നമുക്ക് അറിയാം– 84 ജന്മങ്ങളുടെ പഴയ ശരീരം ഞാൻ ഉപേക്ഷിക്കുന്നുവെന്ന്. അവിടെ സത്യയുഗ ത്തിൽ മനസ്സിലാക്കുന്നു– ഈ വൃദ്ധ ശരീരം ഉപേക്ഷിച്ച് വീണ്ടും ചെറുപ്പത്തിലേക്ക് പോകും. ഈ പഴയ ലോകത്തിന്റെ മഹാവിനാശം ഉണ്ടാകണം. ഈ കാര്യങ്ങൾ ശാസ്ത്രങ്ങളിലില്ല. ഇത് ബാബ സന്മുഖത്തി രുന്ന് മനസ്സിലാക്കി തരുന്നു. ഈ കാര്യങ്ങളെല്ലാം ശ്രദ്ധയിൽ ബുദ്ധിയിലുണ്ടെങ്കിൽ അഹോ സൗഭാഗ്യം, എത്ര സഹജമാണ്. എന്നാലും അറിഞ്ഞു കൂടാ മധുരമായ രാജധാനിയെയും, മധുരമായ വീടിനെയും എന്തു കൊണ്ട് മറക്കുന്നുവെന്ന്. എന്ത് കൊണ്ട് ഓർമ്മിക്കുന്നില്ല. കൂട്ടുകെട്ടിൽ പെട്ട് മോശമായി തീരുന്നു. ബാബ പറയുന്നു– കുട്ടികളെ മോശമായ വികല്പങ്ങൾ വളരെയധികം വരും, എന്നാൽ കർമ്മേന്ദ്രിയങ്ങളി ലൂടെ ഒരു തെറ്റും ചെയ്യരുത്. വികർമ്മം ചെയ്ത് ബാബയ്ക്ക് എഴുതുന്നു– ബാബാ ഇന്ന വികർമ്മം ഉണ്ടാ യി, ക്ഷമിക്കൂ...അങ്ങനെയല്ല. വികർമ്മം ചെയ്തുവെങ്കിൽ അതിന്റെ ശിക്ഷ 100 ഇരട്ടിയാണ്. ഒന്ന് മറച്ചു വയ്ക്കുകയാണെങ്കിൽ ശിക്ഷ ലഭിക്കും. ഈ സമയത്ത് അറിയാൻ സാധിക്കുന്നു അജാമിളനെ പോലെ യായി തീരുന്നത് ആരാണെന്ന്. ആരാണൊ ഈശ്വരന്റെ മടിത്തട്ടിൽ വന്ന് പിന്നീട് വികാരത്തിൽ പോകു ന്നുവെങ്കിൽ മനസ്സിലാക്കാം അവർ വലിയ അജാമിളനാണ്, പാപാത്മാക്കൾക്ക് വികാരമില്ലാതെയിരിക്കാൻ സാധിക്കില്ല. സിനിമ എല്ലാവരെയും മോശമാക്കുന്നു. നിങ്ങൾ ഏതൊരു വികാരത്തിൽ നിന്നും ദൂരെയക ന്നിരിക്കണം. ബ്രാഹ്മണർ നിർവ്വികാരികളാണ് അതിനാൽ കൂട്ടുകെട്ടും ബ്രാഹ്മണരുടേതായിരിക്കണം. ശൂദ്ര രുടെ കൂട്ടുകെട്ടിൽ വരുമ്പോൾ ദുഃഖിതരായി തീരുന്നു. ശരീരത്തിനു വേണ്ടി സർവ്വതും ചെയ്യുക തന്നെ വേണം. എന്നാൽ കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു വികർമ്മവും ചെയ്യരുത്. പക്ഷെ കുട്ടികളെ പരിവർത്തന പ്പെടുത്തുന്നതിന് മനസ്സിലാക്കി കൊടുക്കണം, ഏതെങ്കിലും യുക്തി പ്രയോഗിച്ച് ഭാരരഹിതമായ ശിക്ഷ നല്കണം. രചനയെ രചിച്ചുവെങ്കിൽ ഉത്തരവാദിത്വവുമുണ്ട്. അവരെക്കൊണ്ടും സത്യമായ സമ്പാദ്യം ഉണ്ടാക്കിക്കണം. ചെറിയ ചെറിയ കുട്ടികൾക്കും കുറച്ച് മനസ്സിലാക്കി കൊടുക്കുന്നത് നല്ലതാണ്. ശിവ ബാബയെ ഓർമ്മിക്കുന്നതിലൂടെ സഹായം ലഭിക്കും. സത്യമായ ഹൃദയമുള്ളവരുടെ മേൽ ബാബ സന്തു ഷ്ടനായിരിക്കും. സത്യമായ ഹൃദയമുള്ള കുട്ടികൾക്ക് തന്നെയാണ് ബാബയുടെ ആശ്രയം ലഭിക്കുന്നത്. ഇപ്പോൾ മുഴുവൻ ലോകത്തിലും ആരും ആർക്കും ആശ്രയമായിട്ടില്ല. സുഖത്തിലേക്ക് കൊണ്ടു പോകു ന്നതിനാണ് ആശ്രയം വേണ്ടത്. ഒരേയൊരു പരമാത്മാവിനെ തന്നെയാണ് ഓർമ്മിക്കുന്നത്, ബാബ തന്നെ വന്ന് സർവ്വർക്കും ശാന്തി നല്കുന്നു. സത്യയുഗത്തിൽ സർവ്വരും സുഖിയാണ്. ബാക്കി സർവ്വ ആത്മാ ക്കളും ശാന്തിയുടെ ദേശത്താണ് നിവസിക്കുന്നത്. ഭാരതം സ്വർഗ്ഗമായിരുന്നു, സർവ്വരും വിശ്വത്തിന്റെ അധികാരികളായിരുന്നു. അശാന്തിയോ വഴക്കോ ഉണ്ടായിരുന്നില്ല. തീർച്ചയായും ആ പുതിയ ലോകം ബാബ തന്നെയാണ് രചിച്ചിട്ടുണ്ടാകുക. ബാബയിൽ നിന്നു തന്നെ സമ്പത്ത് ലഭിച്ചിട്ടുണ്ടാകുക. എങ്ങനെ? അതും ആരും മനസ്സിലാക്കുന്നില്ല. അതിനെ രാമ രാജ്യം എന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ ഇല്ല. തീർച്ച യായും ഉണ്ടായിരുന്നു. പൂജനീയമായിരുന്ന അതേ ഭാരതം ഇപ്പോൾ പൂജാരിയായി, പിന്നീട് വീണ്ടും തീർച്ചയായും പൂജനീയമാകും. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു. ശിവ ഭഗ വാന്റെ വാക്കുകളാണ്– ശ്രീകൃഷ്ണന്റെ ആത്മാവും അന്തിമജന്മത്തിൽ കേട്ടുകൊണ്ടിരിക്കുന്നു, പിന്നെ കൃഷ്ണനായി തീരുന്നു. അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കണം. ആ സമയം വളരെ നല്ലതാ ണ്. അന്തരീക്ഷവും ശുദ്ധമായിരിക്കും. ഏതുപോലെ ആത്മാവ് രാത്രിയിൽ ക്ഷീണിക്കുമ്പോൾ അല്പസ മയം വിശ്രമിക്കണം എന്നു പറയുന്നു. നിങ്ങളും ഇവിടെയിരുന്നുകൊണ്ടും ബുദ്ധിയോഗം അവിടെ വെയ്ക്ക ണം. അമൃതവേളയിൽ എഴുന്നേറ്റ് ഓർമ്മിക്കുകയാണെങ്കിൽ പകലും ഓർമ്മ വരുന്നു. ഇതാണ് സമ്പാദ്യം. എത്രത്തോളം ഓർമ്മിക്കുന്നുവൊ അത്രയും വികർമ്മാജീത്താകും, ധാരണയുമുണ്ടാകും. ആരാണൊ

പവിത്രമാകുന്നത്, ഓർമ്മയിലിരിക്കുന്നത് അവർക്കേ സേവനം ചെയ്യാൻ സാധിക്കൂ. നിർദ്ദേശമനുസരിച്ച് നടക്കുകയാണെങ്കിൽ ബാബ സന്തുഷ്ടനാകും. ആദ്യം സേവനം ചെയ്യണം, സർവ്വർക്കും മാർഗ്ഗം പറഞ്ഞു കൊടുക്കണം. യോഗം ചെയ്യുന്നതിനുള്ള മാർഗ്ഗം മനസ്സിലാക്കി തരുന്നതിന് ജ്ഞാനവും നൽകുമല്ലോ. യോഗത്തിലിരിക്കുന്നതിലൂടെ വികർമ്മവും ഭസ്മമാകും. അതോടൊപ്പം ചക്രവും കറക്കണം. ജ്ഞാനി യോഗിയാകണം. അപ്പോൾ പുതിയ പോയിന്റ്സ് ബുദ്ധിയിൽ വന്നു കൊണ്ടിരിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ ജീർണ്ണിച്ച ശരീരത്തോടും, ജീർണ്ണിച്ച ലോകത്തോടുമുള്ള മമത്വത്തെയില്ലാതാക്കി ഒരേയൊരു ബാബയെയും വീടിനെയും ഓർമ്മിക്കണം. ശൂദ്രരുടെ കൂട്ട്കെട്ടിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം.

2) വികർമ്മാജീത്താകുന്നതിന് അമൃതവേളയിൽ എഴുന്നേറ്റ് ഓർമ്മയിലിരിക്കണം. ഈ ശരീരത്തിൽ നിന്നും വേറിടുന്നതിനുള്ള അഭ്യാസം ചെയ്യണം.

## വരദാനം:- പഴയ ലോകത്തിന്റെയും സംസ്ക്കാരങ്ങളുടെയും ആകർഷണത്തിൽ നിന്ന് ജീവിച്ചിരിക്കെ മരിക്കുന്ന യഥാർത്ഥ മർജീവിയായി ഭവിക്കൂ

യഥാർത്ഥത്തിൽ ജീവിച്ചിരിക്കെ മരിക്കുക അർത്ഥം സദാ കാലത്തേക്ക് പഴയ ലോകം അല്ലെങ്കിൽ പഴയ സംസ്ക്കാരങ്ങളിൽ നിന്ന് സങ്കൽപത്തിൽ നിന്നും സ്വപ്നത്തിൽ നിന്നുപോലും മരിക്കുക. മരിക്കുകയെന്നാൽ പരിവർത്തനപ്പെടുക. അവരെ ഓരാകർഷണത്തിനും തന്നിലേക്ക് ആകർഷിക്കാൻ സാധിക്കില്ല. അവർക്കൊരിക്കലും പറയാൻ സാധിക്കില്ല എന്ത് ചെയ്യും, ആഗ്രഹിച്ചിരുന്നില്ല എന്നാൽ സംഭവിച്ചു.... പല കുട്ടികളും ജീവിച്ചിരിക്കെ മരിച്ച് പിന്നീട് പുനർജനിക്കുന്നു. രാവണന്റെ ഒരു ശിരസ്സ് മുറിക്കുമ്പോൾ അടുത്തത് വരുന്നു, എന്നാൽ അടത്തറയെ തന്നെ ഇല്ലാതാക്കുകയാണെങ്കിൽ രൂപം മാറി മായ യുദ്ധം ചെയ്യില്ല.

## സ്ലോഗൻ:- ഏറ്റവും ഭാഗ്യശാലികൾ അവരാണ് ആരാണോ ഓർമ്മയിലും സേവനത്തിലും സദാ മുഴുകി കഴിയുന്നത്.